**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 653** **11-06-2024 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിന് കെൽട്രോൺ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ എ.ഐ. ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോൺ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തു എ ഐ ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോൺ കേരളത്തിൽ ഉടനീളം 726 വിവിധ തരം എൻഫോഴ്സ്മെന്റ് സംവിധാനങ്ങളും, 12 ജില്ലാ കൺട്രോൾ റൂമുകളും, ഒരു ഡാറ്റാ സെന്റർ അടങ്ങുന്ന സെൻട്രൽ കൺട്രോൾ റൂമും സ്ഥാപിക്കുകയുണ്ടായി. കൂടാതെ കൺട്രോൾ റൂമുകളുടെ പ്രവർത്തനത്തിനും അവിടുത്തെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും ആവശ്യമായ ഐ റ്റി ഉപകരണങ്ങളും പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ 5 വർഷത്തേക്കുള്ള ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് കെൽട്രോൺ മുഖേനയാണ്. ഇതിനായി 140 ഓളം ജീവനക്കാരെ കെൽട്രോൺ നിയമിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സംവിധാന-ങ്ങളിൽ രേഖപ്പെടുത്തുന്ന നിയമലംഘനങ്ങളുടെ പരിശോധന, മോട്ടോർ വാഹന വകുപ്പ് അംഗീകരിച്ച ലംഘനങ്ങൾ പ്രിൻറ് ചെയ്തു തപാൽ മുഖേന അയക്കുക, ഇതുമായി ബന്ധപ്പെട്ട വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നീ പ്രവർത്തനങ്ങൾ കെൽട്രോണിന്റെ പരിധിയിലാണ് വരുന്നത്.<br><br>സേഫ് കേരള പദ്ധതി 2023 ജൂൺ 5 ന് 'ഗോ ലൈവ്' ആയി. |
| (ബി) | പ്രസ്തുത ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പദ്ധതിയുടെ സ്ഥാപന (CAPEX) ചെലവ് ജി. എസ്. റ്റി. അടക്കം **165,89,71,150/-** രൂപയും **(**നൂറ്റി അറുപത്തിയഞ്ച് കോടി എൺപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നൂറ്റി അൻപത് രൂപ**)** , 5 വർഷത്തേക്കുള്ള പ്രവർത്തന ചെലവ് (OPEX) **66,35,79,136/-** രൂപയും (അറുപത്തിയാറ് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി എഴുപത്തിയൊൻ-പതിനായിരത്തി നൂറ്റി മുപ്പത്തിയാറ് രൂപ) ആണ്. |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് G.O. (Ms) 26/2023/Trans dtd 18.04.2023 പ്രകാരം സ്ഥാപന ചെലവുകളും നടത്തിപ്പ് ചെലവുകളും 'ഗോ ലൈവ്' തീയതി മുതൽ 5 വർഷം കൊണ്ട് ഓരോ ത്രൈ മാസവും 20 തവണകളിലായി **11,61,27,514/-** രൂപ (പതിനൊന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ) വീതം ആണ് മോട്ടോർ വാഹന വകുപ്പ് കെൽട്രോണിന് തിരികെ നൽകേണ്ടത്. പദ്ധതി സ്ഥാപന ചെലവായ 165 കോടി രൂപ കൂടാതെ 2023 ജൂൺ 5 മുതൽ പദ്ധതി പ്രവർത്തനം ആരംഭിച്ചതിനു ശേഷം പദ്ധതിയുടെ പ്രവർത്തനത്തിനായി ഏകദേശം 12 കോടി രൂപ കെൽട്രോൺ ചെലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ പദ്ധതി പൂർത്തീകരണത്തിന് ശേഷം ഗോ ലൈവ് ലഭിക്കുന്നത് വരെ ഉപകരണങ്ങളുടെ പരിപാലനത്തിനായി നിയോഗിച്ച ജീവനക്കാരുടെ ശമ്പളം, വൈദ്യുതി കണക്റ്റിവിറ്റി എന്നിവയ്ക്കായി ഏകദേശം 75 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>നിലവിൽ പദ്ധതി 'ഗോ ലൈവ്' ആയി നാല് പാദങ്ങൾ പൂർത്തിയായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നൽകാനുള്ള **46,45,10,056/-** രൂപയിൽ (നാൽപ്പത്തിയാറ് കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി പതിനായിരത്തി അൻപത്തിയാറ് രൂപ) രണ്ടു പാദങ്ങളുടെ തുകയായി **21,00,76,334/-** രൂപ (ഇരുപത്തിയൊന്ന് കോടി എഴുപത്തിയാറായിരത്തി മുന്നൂറ്റി മുപ്പത്തിനാല് രൂപ) മോട്ടോർ വാഹന വകുപ്പ് കെൽട്രോണിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ